**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3791** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വികസന പ്രവർത്തനം സമയബന്ധിതമായി നടപ്പിലാക്കുവാൻ ഫയൽ നീക്കം കാര്യക്ഷമമായി നടക്കണമെന്നതിനാൽ ആയതിന് സർക്കാർ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | (എ) | സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലും, മാന്വൽ ഓഫ് ഓഫീസ് പ്രൊസീഡ്യുവറിലും ഫയലുകൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്. സെക്രട്ടേറിയറ്റിലെ ഫയൽ നീക്കത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിന് സെക്ഷൻ ഓഫീസർ മുതൽ സെക്രട്ടറി/മന്ത്രി തലം വരെയുള്ള ഫയൽ ചംക്രമണ കാലാവധി പത്തു ദിവസമായി നിജപ്പെടുത്തി നിർദേശം നിലവിലുണ്ട്. ഇതിനു പുറമേ കാലതാമസം ഒഴിവാക്കുന്നതിനായി കർശന നിർദ്ദേശം നൽകിക്കൊണ്ടുള്ള സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇ- ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും നൂതന സാങ്കേതിക സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിച്ച് ഫയൽ നീക്കം ത്വരിതപ്പെടുത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു |
| (ബി) | ഫയൽ കൈകാര്യം ചെയ്യുന്ന ശ്രേണികളുടെ എണ്ണം കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സെക്രട്ടേറിയറ്റിൽ ഫയൽ നീക്കത്തിന്റെ തട്ടുകൾ നിജപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | അടിയന്തര പ്രാധാന്യമുള്ള ഫയലുകൾ സമയബന്ധിതമായി പരിശോധിച്ച് ഉത്തരവുകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | അടിയന്തര പ്രാധാന്യമുള്ള ഫയലുകൾ സമയബന്ധിതമായി പരിശോധിച്ച് ഉത്തരവുകൾ നൽകുവാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലും, മാന്വൽ ഓഫ് ഓഫീസ് പ്രൊസീഡ്യുറിലും വ്യവസ്ഥകൾ നിലവിലുണ്ട് . |

സെക്ഷൻ ഓഫീസർ